**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 449** **21-03-2025 - ൽ മറുപടിയ്ക്ക്**

**വർദ്ധിത ഗുണമേന്മയുള്ള കന്നുകാലികളെ സൃഷ്ടിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. എ. രാജ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വർദ്ധിത ഗുണമേന്മയുള്ള കന്നുകാലികളെ സൃഷ്ടിക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | **ഉണ്ട്. Sex Sorted Semen പ്രീമിയം ബുൾ സെമൻ എന്നിവ ഉപയോഗിച്ച് കൃത്രിമ ബീജധാരണത്തിലൂടെ വർദ്ധിത ഗുണമേന്മയുള്ള കന്നുകാലികളെ സൃഷ്ടിക്കാൻ പ്രത്യേക പദ്ധതി സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുണ്ട്. അതിനായി ഉയർന്ന ഗുണമേന്മയുള്ള കന്നുകാലികളെ സൃഷ്ടിക്കുന്നതിനാവശ്യമായ സെക്സ് സോർട്ടഡ് സെമൻ, പ്രീമിയം ബുൾ സെമൻ എന്നിവ ലഭ്യമാക്കുന്നത് മൃഗസംരക്ഷണ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് മുഖേന ആണ്. ഇതിനായി പ്രസ്തുത സ്ഥാപനം ഉയർന്ന ജനിതക ശേഷിയുള്ള അഞ്ച് (5) ഹോൾസ്റ്റീൻ ഫ്രിഷ്യൻ വിത്തുകാളകളെ ജർമനിയിൽ നിന്നും, നാല് (4) ജഴ്സി വിത്തുകാളകളെ ഡെൻമാർക്കിൽ നിന്നും ബോർഡിനു കീഴിലുള്ള മാട്ടുപ്പെട്ടി ഫാമിലേയ്ക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ ശാസ്ത്രീയമായി ശേഖരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ കേന്ദ്ര കൃഷി മന്ത്രാലയം അംഗീകരിച്ചിട്ടുള്ള സംസ്ഥാനത്തിനു പുറത്തുള്ള ഏജൻസികളിൽ നിന്നും വാങ്ങി അവയുടെ ബീജം ഗാഢ ശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തു വരുന്നു. ഉയർന്ന ഉൽപാദന ക്ഷമതയുള്ള ജഴ്സി ഹോൾസ്റ്റീൻ ഫ്രിഷ്യൻ ഇനങ്ങളുടെ ഇറക്കുമതി ചെയ്ത ഭ്രൂണം ഉപയോഗിച്ചുള്ള വിത്തുകാളകൾ മാട്ടുപ്പെട്ടി ഫാമിൽ ഉൽപാദിപ്പിച്ചിരിക്കുകയാണ്. ഇവയുടെ ബീജവും ഗാഢശീതീകരിച്ച് സംസ്ഥാന ത്തിനകത്ത് വിതരണം ചെയ്ത് വരുന്നു.** |

| | | | |
|---|---|---|---|
| | | | **വിത്തുകാളകളുടെ ജനിതക മേന്മ തെളിയിക്കുന്നതിനുള്ള സന്തതി പരിശോധനാ പദ്ധതി സംസ്ഥാനത്തെ വടക്കൻ ജില്ലകളായ കോഴിക്കോട്,വയനാട് കണ്ണൂർ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ഇവിടെ നിന്നും ഉന്നത ജനിതക മേന്മയുള്ള വിത്തുകാളകളെ ഉൽപ്പാദിപ്പിച്ച് സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. കൂടാതെ ഉന്നത ജനിതക മേന്മയുള്ള പ്രീമിയം ബുൾ സെമൻ കേരള മൊട്ടാകെ വിതരണം ചെയ്തു വരുന്നു. കൂടാതെ രാഷ്ട്രീയ ഗോകുൽ മിഷന് കീഴിൽ ABIP-SS സ്കീമിൽ സെക്സ് സോർട്ടഡ് സെമൻ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനപദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി സെക്സ് സോർട്ടഡ് സെമൻ ഉപയോഗിച്ചുള്ള കൃത്രിമ ബീജാദാന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഇതുവഴി എന്തൊക്കെ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | **രാഷ്ട്രീയ ഗോകുൽ മിഷന് കീഴിൽ ABIP-SS സ്കീമിൽ സെക്സ് സോർട്ടഡ് സെമൻ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനപദ്ധതി സംസ്ഥാനത്ത് 2023 ആഗസ്റ്റ് മുതൽ നടപ്പിലാക്കി വരുന്നു. നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലായി മൃഗസംരക്ഷണ വകുപ്പ് തിരഞ്ഞെടുത്ത ബീജാധാന കേന്ദ്രങ്ങളിലൂടെ ചെയ്തുവരുന്നു. എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ലിംഗനിർണ്ണയം ചെയ്ത ബീജാമാത്രകളുടെ വിതരണം ഉടൻ ആരംഭിക്കുന്നതാണ്. ജേഴ്സി, ഹോൾസ്റ്റീൻ ഫ്രീഷ്യൻ, സങ്കരയിനം ജേഴ്സി, സങ്കരയിനം ഹോൾസ്റ്റീൻ ഫ്രീഷ്യൻ ഇനത്തിൽപെട്ട ലിംഗനിർണയം നടത്തിയ ബീജമാത്രകളാണ് വിതരണം ചെയ്ത് വരുന്നത്. കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡും, മൃഗസംരക്ഷണ വകുപ്പും, മിൽമയും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സെക്സ് സോർട്ടഡ് സെമൻ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനം ചെയ്യുമ്പോൾ 90 ശതമാനവും പശുക്കുട്ടികളെ ലഭിക്കുന്നു. മുന്തിയ ഇനത്തിൽപെട്ട പശുക്കുട്ടികൾ കേരളത്തിൽ കൂടുതലായി ഉൽപ്പാദിപ്പിക്കപ്പെടുകയും അവയിലൂടെ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യപ്രാപ്തി കൈവരിക്കുവാനും കർഷകരുടെ വരുമാനം വർധിപ്പിക്കാനും സാധിക്കുന്നതാണ്. നിലവിൽ 259 സ്ഥാപനങ്ങൾ മുഖാന്തിരം സെക്സ് സോർട്ടഡ് സെമെൻ ഉപയോഗിച്ച് ബീജാധാനം സംസ്ഥാനത്ത് 11 ജില്ലകളിലായി നടന്നുവരുന്നു.** |
| (സി) | വംശാവലി വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ കന്നുകാലികളെ തിരഞ്ഞെടുത്ത് ജനിതക മികവ് കണ്ടെത്തി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ | (സി) | വംശാവലി വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ കന്നുകാലികളെ തിരഞ്ഞെടുത്ത് ജനിതക മികവ് കണ്ടെത്തി പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ |

| | | | |
|---|---|---|---|
| | ഭാഗമായി ജീനോമിക് ലാബ് സംസ്ഥാനത്ത് സജ്ജമാക്കിയിട്ടുണ്ടോ; ഇതിലൂടെ എന്തെല്ലാമാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ? | | ഭാഗമായി കെ.എൽ.ഡി ബോർഡിന്റെ കീഴിൽ തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ ജീനോമിക് ലാബ് സജ്ജമാക്കിയിട്ടുണ്ട്.<br>പാലിന്റെ വർദ്ധിച്ചുവരുന്ന ആഭ്യന്തര ഉപയോഗം കണക്കിലെടുത്ത് നമ്മുടെ പശുക്കളുടെ ഉൽപ്പാദനക്ഷമത ഇനിയും കൂട്ടേണ്ടതുണ്ട്. ഇതിനായി പരമ്പരാഗത സന്തതി പരിശോധനാ രീതികൾക്ക് പുറമെ DNA പരിശോധനകൂടി സംയോജിപ്പി ക്കേണ്ടതുണ്ട്. ജീനോമിക് ലാബിൽ കന്നുകാലികളുടെ ജനിതക ഘടന കണ്ടുപിടിക്കുകയും, പാലുൽപ്പാദന വിവരങ്ങളുമായി താരതമ്യം ചെയ്ത്, പാലുൽപ്പാദനവും ജനിതകഘടനയും തമ്മിലുള്ള ബന്ധം സ്ഥാപിച്ചെടുക്കുന്നു. ഇത്തരത്തിൽ മോശമായ ജനിതകഘടനയുള്ള കാളക്കുട്ടികളെ പ്രജനനത്തിൽ നിന്നും ഒഴിവാക്കാൻ സാധിക്കുന്നു. ജീനോമിക് ലാബിൽ കന്നുകാലികളുടെ ജനിതക രോഗങ്ങൾ നിർണ്ണയിക്കുവാനുള്ള സൗകര്യമുണ്ട്. ഇതിലൂടെ ജനിതക രോഗ വാഹകരായ വിത്തുകാളകളെ പ്രജനനത്തിൽ നിന്നും ഒഴിവാക്കാൻ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ